ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 6.30 PM** **DATE:01.10.2024**

## പ്രധാനവാർത്തകൾ

1. ആഗോള സമാധാനത്തിനും, സുസ്ഥിരതയ്ക്കുമായി ഇന്ത്യയും ജമൈക്കയും യോജിച്ച് പ്രവർത്തിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ജമൈക്കൻ പ്രധാനമന്ത്രിയുടെ ഇന്ത്യാ സന്ദർശനം ഉഭയകക്ഷി ബന്ധത്തിന് ഉണർവ് പകരുമെന്നും പ്രധാനമന്ത്രി.
2. ജമ്മു-കശ്മീർ മൂന്നാം ഘട്ട നിയമസഭാ തിരഞ്ഞെടുപ്പിൻറെ വോട്ടെടുപ്പ് സമയം പൂർത്തിയായി. 5 മണിവരെയുള്ള കണക്കുകൾ പ്രകാരം രേഖപ്പെടുത്തിയത് 65 ശതമാനം പോളിംഗ് .
3. കോഴിക്കോട് -വയനാട് തുരങ്കപാതാ നിർമാണം വേഗത്തിൽ ആരംഭിക്കുമെന്നും, താമരശേരി ചുരത്തിലൂടെയുള്ള യാത്രാക്ലേശം ഇതിലൂടെ കുറയുമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ.
4. പദ്മനാഭപുരത്തു നിന്നുള്ള നവരാത്രി വിഗ്രഹ എഴുന്നള്ളത്തിന് ഭക്തിനിർഭരമായ തുടക്കം. നവരാത്രി ആഘോഷങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഈമാസം 11 ന് അവധി.
5. ബംഗ്ലാദേശിനെതിരായ രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യയ്ക്ക് ഏഴ് വിക്കറ്റിൻറെ വിജയം.

&&&&&&&&&&&&&&

RNU TVPM

## ഹെഡ് ലൈൻ - 1

## പ്രധാനമന്ത്രി_ ജമൈക്കൻ പ്രധാനമന്ത്രി

ആഗോള സമാധാനത്തിനും, സുസ്ഥിരതയ്ക്കുമായി ഇന്ത്യയും ജമൈക്കയും യോജിച്ച് പ്രവർത്തിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ജമൈക്കൻ പ്രധാനമന്ത്രിയുടെ ഇന്ത്യാ സന്ദർശനം ഉഭയകക്ഷി ബന്ധത്തിനും കരീബിയൻ മേഖലയുമായുള്ള സഹകരണത്തിനും പുതിയ ഉണർവ് നൽകുമെന്നും അദ്ദേഹം വ്യക്തമാക്കി. ജമൈക്കൻ പ്രധാനമന്ത്രി ആൻഡ്രൂ ഹോൾനെസ്സുമായി ന്യൂഡൽഹിയിൽ നടത്തിയ ഉഭയകക്ഷി കൂടിക്കാഴ്ചയ്ക്ക് ശേഷം സംയുക്ത മാധ്യമ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു ശ്രീ മോദി. സംഘടിത കുറ്റകൃത്യങ്ങൾ , ലഹരിക്കടത്ത് , ഭീകരവാദം എന്നീ വെല്ലുവിളികൾ ഒറ്റക്കെട്ടായി നേരിടാൻ ഇരു രാജ്യങ്ങളും തീരുമാനമെടുത്തതായും അദ്ദേഹം വ്യക്തമാക്കി .
(ഹോൾഡ് -വോയിസ്)

ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്നത് ലക്ഷ്യമിട്ടുള്ള ധാരണാപത്രങ്ങളും കൂടിക്കാഴ്ചയുടെ ഭാഗമായി കൈമാറി . നാല് ദിവസത്തെ സന്ദർശനത്തിനാണ് ജമൈക്കൻ പ്രധാനമന്ത്രി ഇന്ത്യയിലെത്തിയത് .

RNUTVPM

&&&&&&&&&&&&&&

## ഹെഡ് ലൈൻ - 2

## ജമ്മു-കശ്മീർ

ജമ്മു-കശ്മീർ മൂന്നാം ഘട്ട നിയമസഭാ തിരഞ്ഞെടുപ്പിൻറെ വോട്ടെടുപ്പ് സമയം പൂർത്തിയായി. 3 മണിവരെയുള്ള കണക്കുകൾ പ്രകാരം 56 ശതമാനമാണ് പോളിംഗ് നിരക്ക്. ജമ്മു കശ്മീരിലെ, ഏഴു ജില്ലകളിലെ 40 നിയമസഭാ മണ്ഡലങ്ങളിലാണ് ഇന്ന് വോട്ടെടുപ്പ് നടന്നത്. ജമ്മു കശ്മീരിൽ മൂന്ന് ഘട്ടങ്ങളായി നടന്ന തിരഞ്ഞെടുപ്പിൻറെ വോട്ടെണ്ണൽ ഈ മാസം എട്ടിനാണ്. ഒന്നാം

ഘട്ടത്തിൽ 61 ശതമാനവും, രണ്ടാം ഘട്ടത്തിൽ 57 ശതമാനവും പോളിങ്ങ് രേഖപ്പെടുത്തിയിരുന്നു.

&&&&&&&&&&&&&&

## ഹെഡ് ലൈൻ - 3

### മുഖ്യമന്ത്രി-തുരങ്കപ്പാതനിർമാണം

കോഴിക്കോട് -വയനാട് തുരങ്കപാതാ നിർമാണം വേഗത്തിൽ ആരംഭിക്കുമെന്നും, പദ്ധതി യാഥാർഥ്യമാകുന്നതോടെ താമരശേരി ചുരത്തിലൂടെയുള്ള യാത്രാക്ലേശം കുറയുമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ.

ഫറോക്കിൽ പുതുതായി നിർമിച്ച പൊതുമരാമത്ത് റസ്റ്റ് ഹൗസിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി . ഫറോക്കിൽ നേരത്തേയുണ്ടായിരുന്ന 70 വർഷത്തോളം പഴക്കമുള്ള പഴയ റെസ്റ്റ് ഹൗസ് കെട്ടിടം പൊളിച്ചുമാറ്റി 5.84 കോടി രൂപ ചെലവിൽ നിർമിച്ചതാണ് പുതിയ കെട്ടിടം.

&&&&&&&&&&&&&&

### സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം

സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ ആറ്റിങ്ങലിൽ നിർവ്വഹിക്കും. ആദിവാസികൾക്ക് 100 ദിവസം കൂടി അധിക തൊഴിൽ നൽകുന്നതിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച ട്രൈബൽ പ്ലസ് പദ്ധതിയിൽ, ഏറ്റവും കൂടുതൽ തൊഴിൽ ദിനം സൃഷ്ടിച്ച പഞ്ചായത്തിനുള്ള 'മഹാത്മ ഗോത്ര സമൃദ്ധി' പുരസ്കാര സമർപ്പണവും ചടങ്ങിൽ നടക്കും. അഗളി, പുതൂർ, ആറളം ഗ്രാമപഞ്ചായത്തുകളാണ് ആദ്യ മൂന്ന് സ്ഥാനങ്ങൾ നേടിയത്.

പട്ടികജാതി പട്ടികവർഗ പിന്നാക്ക വിഭാഗക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിലാണ് നാളെ മുതൽ ഈ മാസം 16 വരെ പക്ഷാചരണ പരിപാടി സംഘടിപ്പിക്കുന്നത്.

&&&&&&&&&&&&&&

## ഹെഡ് ലൈൻ - 4

RNU TVPM

## നവരാത്രി (ഇൻട്രോ)

തിരുവനന്തപുരത്ത് നടക്കുന്ന നവരാത്രി പൂജയ്ക്കായി പദ്മനാഭപുരത്തു നിന്നുള്ള നവരാത്രി വിഗ്രഹ എഴുന്നള്ളത്തിന് ഭക്തിനിർഭരമായ തുടക്കം. പത്മനാഭപുരം കൊട്ടാരത്തിലെ ഉപ്പിരിക്ക മാളികയിൽ ഇന്ന് പുലർച്ചെ ഉടവാൾ കൈമാറ്റ ചടങ്ങ് നടന്നു. മന്ത്രിമാരായ രാമചന്ദ്രൻ കടന്നപ്പള്ളി, വി.എൻ വാസവൻ എന്നിവർ ആചാരപരമായി ഉടവാൾ ഏറ്റുവാങ്ങി. വിശദാംശങ്ങളിലേക്ക് ..........

&&&&&&&&&&&&&&

## നവരാത്രി -അവധി

നവരാത്രി ആഘോഷങ്ങളുടെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ സർക്കാർ / എയ്ഡഡ് / അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഈമാസം 11 ന് അവധിയായിരിക്കും. പൊതുവിദ്യാഭ്യാസ ഡയറക്ടറാണ് ഇക്കാരയം അറിയിച്ചത്.

RNUTVPM

&&&&&&&&&&&&&&

## സ്വച്ഛത ഹി സേവാ -തൃശൂർ തളിക്കുളം ബീച്ചിൽ

ഗാന്ധിജയന്തിയുടെയും സ്വച്ഛത ഹി സേവാ ക്യാമ്പയിനിന്റെയും ഭാഗമായി കോസ്റ്റ് ഗാർഡിന്റെ ആഭിമുഖ്യത്തിൽ നാളെ തൃശൂർ തളിക്കുളം ബീച്ചിൽ ശുചീകരണ യജ്ഞം സംഘടിപ്പിക്കും. കേന്ദ്ര സഹ മന്ത്രി സുരേഷ് ഗോപി മുഖ്യാതിഥിയായി പങ്കുചേരും. സ്വച്ഛതാ ഹി സേവ കാമ്പയിന്റെ ഭാഗമായി നെഹ്റു യുവ കേന്ദ്രയുടെ ആഭിമുഖ്യത്തിൽ നാളെ തിരുവനന്തപുരം ശംഖുമുഖം ബീച്ചിൽ നടക്കുന്ന ശുചീകരണ യജ്ഞം കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&

## സ്വച്ഛത ഹി സേവാ-ആകാശവാണി കണ്ണൂർ/തിരു

സ്വച്ഛതാ ഹി സേവ ക്യാമ്പെയിന്റെ ഭാഗമായി തിരുവനന്തപുരം ആകാശവാണി നിലയത്തിലെ ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കുമായി വൈദ്യപരിശോധനാ ക്യാമ്പ്

സംഘടിപ്പിച്ചു. പി.ആർ.എസ് ആശുപത്രിയുമായി ചേർന്ന് സംഘടിപ്പിച്ച ക്യാമ്പിൻറെ ഭാഗമായി ഇ.സി.ജി, സ്തനാർബുദപരിശോധന, നേത്രപരിശോധന, രക്തപരിശോധന എന്നിവ നടന്നു. സ്വച്ഛത ഹി സേവാ പരിപാടിയുടെ ഭാഗമായി ആകാശവാണി കണ്ണൂർ നിലയത്തിൽ നടന്ന ശുചീകരണ യജ്ഞത്തിൽ മുതിർന്ന ഉദ്യോഗസ്ഥരും, ജീവനക്കാരും പങ്കെടുത്തു.

&&&&&&&&&&&&&&

## പ്രകാശ് ജാവദേ ക്കർ

ഏറ്റവും പുതിയ തൊഴിൽ സർവ്വേ പ്രകാരം കേരളത്തിൽ 30 ശതമാനത്തോളം തൊഴിലില്ലായ്മ വർദ്ധിച്ചിട്ടുണ്ടെന്ന് ബിജെപി സംസ്ഥാന പ്രഭാരി പ്രകാശ് ജാവദേക്കർ . ഇത് കഴിഞ്ഞ 7 പതിറ്റാണ്ടുകൾ സംസ്ഥാനം ഭരിച്ച എൽഡിഎഫ്, യുഡിഎഫ് സർക്കാരുകളുടെ ഭരണ പരാജയമാണ് ചൂണ്ടിക്കാണിക്കുന്നതെന്നും അദ്ദേഹം കൊച്ചിയിൽ വാർത്ത സമ്മേളനത്തിൽ ആരോപിച്ചു. സംസ്ഥാനത്തിന്റെ വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ പ്രശ്നങ്ങൾ ഉയർത്തി ബിജെപി പ്രക്ഷോഭം സംഘടിപ്പിക്കുമെന്നും അദ്ദേഹം അറിയിച്ചു.

RNU TVPM

&&&&&&&&&&&&&&

## ഹേമ കമ്മിറ്റി

ഹേമ കമ്മിറ്റി റിപ്പോർട്ട് ദീർഘകാലം പുറത്ത് വിടാതിരുന്നതിൻ്റെയും, ഒടുവിൽ പൊതുജനങ്ങൾക്കായി പുറത്ത് വിട്ടതിന്റെയും പൂർണ്ണ ഉത്തരവാദിത്തം സംസ്ഥാന വിവരാവകാശ കമ്മീഷന് മാത്രമാണെന്ന് സംസ്ഥാന വിവരാവകാശ കമ്മീഷണർ ഡോ.എ. അബ്ദുൽ ഹക്കീം. അതിൽ മറ്റേതെങ്കിലും സംവിധാനങ്ങളുടെയോ ശക്തികളുടെയോ സ്വാധീനമില്ലെന്നും കോഴിക്കോട് മർകസ് ലോ കോളജിൽ നടന്ന സെമിനാറിൻറെ ഉദ്ഘാടനം നിർവ്വഹിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു. വിവരാവകാശ കമ്മീഷൻറെ ഈ രണ്ട് ഉത്തരവുകളും നടപ്പാക്കാനേ സാംസ്കാരിക

വകുപ്പിന് കഴിയുമായിരുന്നുള്ളൂവെന്നും വിവരാവകാശ കമ്മീഷണർ വ്യക്തമാക്കി.

&&&&&&&&&&&&&&

## പി എ മുഹമ്മദ് റിയാസ്

കോഴിക്കോട് നഗരത്തിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിലൊന്നായ സരോവരം ബയോപാർക്കിന്റെ നവീകരണത്തിനായി 2.19 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയതായി മന്ത്രി പി എ മുഹമ്മദ് റിയാസ് . ഓപ്പൺ എയർ തിയേറ്റർ, ബയോ പാർക്കിനകത്തെ കല്ല് പാകിയ നടപ്പാത, റെയിൻ ഷെൽട്ടറുകൾ, കുട്ടികളുടെ പാർക്ക്, ചുറ്റുമതിൽ, മരം കൊണ്ടുള്ള ചെറുപാലങ്ങൾ, സെക്യൂരിറ്റി ക്യാബിൻ, കവാടം എന്നിവ നവീകരിക്കും. കൂടാതെ പാർക്കിൽ സിസിടിവി ക്യാമറ സ്ഥാപിക്കുമെന്നും മന്ത്രി അറിയിച്ചു. .

&&&&&&&&&&&&&&

## ഹെഡ് ലൈൻ - 5

## ക്രിക്കറ്റ്

ബംഗ്ലാദേശിനെതിരായ രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യയ്ക്ക് ഏഴ് വിക്കറ്റിൻറെ വിജയം. ടെസ്റ്റിൻ്റെ പകുതിയിലേറെ ദിനങ്ങൾ മഴ അപഹരിച്ചതിന് ശേഷമാണ് ടീം ഇന്ത്യയുടെ അവിസ്മരണീയ ജയം. ആദ്യ ഇന്നിംഗ്സിൽ 34.4 ഓവറിൽ 285 റൺസ് നേടി ഇന്നിങ്സ് ഡിക്ലയർ ചെയ്ത ഇന്ത്യ, രണ്ടാം ഇന്നിംഗ്സിനിറിങ്ങിയ ബംഗ്ലാദേശിനെ ഇന്ന് 146 റൺസിന് പുറത്താക്കി. 95 റൺസ് വിജയലക്ഷ്യവുമായി രണ്ടാം ഇന്നിങ്ങ്സിൽ ഇറങ്ങിയ ഇന്ത്യക്ക് വിജയം അനായാസമായിരുന്നു. ഇതോടെ രണ്ട് മത്സരങ്ങളുള്ള പരമ്പര ഇന്ത്യ തൂത്ത് വാരി.

&&&&&&&&&&&&&&

## ഐ എസ് എൽ

RNU TVPM

ISL ഫുട്ബോളിൽ ഇന്ന് ഹൈദരാബാദ് എഫ് സി, ചെന്നൈയിൻ എഫ് സി യെ നേരിടും. രാത്രി 7.30 ന് ഹൈദരാബാദിലാണ് മത്സരം.

&&&&&&&&&&&&&&

## കാലാവസ്ഥ

സംസ്ഥാനത്ത് വെള്ളിയാഴ്ച്ച വരെ ഇടിമിന്നലോട് കൂടിയ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് . പത്തനംതിട്ട, ഇടുക്കി, എറണാകുളം, മലപ്പുറം, വയനാട്, കണ്ണൂർ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ് . പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ നാളെയും മറ്റന്നാളും മഞ്ഞ ജാഗ്രത തുടരും.

&&&&&&&&&&&&&&

## ശാന്തിഗിരി ഫെസ്റ്റ്

പോത്തൻകോട് ശാന്തിഗിരി ഫെസ്റ്റ് മൂന്നാം പതിപ്പിൻറെ ഉദ്ഘാടനം ഗവർണ്ണർ ആരിഫ് മുഹമ്മദ് ഖാൻ ഈ മാസം ഒൻപതിന് നിർവഹിക്കും. പ്രദർശന-വ്യാപാര മേള, ഫ്ലവർ ഷോ, ഭക്ഷ്യമേള, കലാപരിപാടികൾ എന്നിവ ഇതിൻറെ ഭാഗമായി നടക്കും. അടുത്ത മാസം 10 വരെ നീണ്ടുനിൽക്കുന്ന ഫെസ്റ്റിന്റെ വിളംബരോദ്ഘാടനം മന്ത്രി ജി ആർ അനിൽ നാളെ നിർവഹിക്കും.

PNU TVPM

&&&&&&&&&&&&&&

## ക്ഷീര പോർട്ടൽ

ക്ഷീരസംഘങ്ങൾക്കായി ഓൺലൈൻ പാൽ സംഭരണ വിപണനത്തിനുള്ള ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനമായ ക്ഷീരശ്രീ പോർട്ടൽ ഈ മാസം അഞ്ചിന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും .

സർക്കാരിന്റെ 100 ദിന കർമ്മപദ്ധതിയുടെ ഭാഗമായി ക്ഷീര വികസന വകുപ്പ് നടപ്പിലാക്കിയ പദ്ധതിയാണിത്.

&&&&&&&&&&&&&&

## സബ്സിഡി മണ്ണെണ്ണ

സാധുവായ ലൈസൻസുള്ള മത്സ്യബന്ധന യാനങ്ങൾക്ക് മാത്രമേ ഈ മാസം മുതൽ സബ്സിഡി മണ്ണെണ്ണ അനുവദിക്കുകയുള്ളൂവെന്ന് വിഴിഞ്ഞം ഫിഷറീസ് സ്റ്റേഷൻ അസിസ്റ്റൻറ് ഡയറക്ടർ. മത്സ്യത്തൊഴിലാളികൾ യാനങ്ങളുടെ ഫിഷിങ് ലൈസൻസ് രേഖകളുടെ പകർപ്പ്, മണ്ണെണ്ണ ബങ്കുകളിൽ ഹാജരാക്കണം. ലൈസൻസ് സാധുത കാലഹരണപ്പെടുന്നതിന് ഒരു മാസം മുൻപ് തന്നെ അതു പുതുക്കുകയും വേണമെന്നും അദ്ദേഹം അറിയിച്ചു .

&&&&&&&&&&&&&&

**<u>ശിക്ഷ</u>**

കട്ടപ്പന കുന്തളം പാറയിൽ വൃദ്ധയെ വീട്ടിൽ അതിക്രമിച്ചു കയറി ക്രൂരമായി കൊലപ്പെടുത്തിയ കേസിൽ പ്രതിക്ക് 37 വര്ഷം തടവും ഒരു ലക്ഷം രൂപ പിഴയും കോടതി ശിക്ഷ വിധിച്ചു .കുന്തളം പാറ വീരഭവനം വീട്ടിൽ 47 വയസ്സുള്ള മണിയെയാണ് കോടതി ശിക്ഷിച്ചത്

&&&&&&&&&&&&&&

&&&&&&&&&&&&&&

&&&&&&&&&&&&&&

RNUTVPM